"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

പരിപത്രം

നം.ഐ.എ2/17/2025/തസ്വഭവ തിരുവനന്തപുരം തീയതി: 20-03-2025

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - എല്ലാ പഞ്ചായത്തിലെയും ബഡ്സ് / ബി.ആർ.സി. സെന്ററുകളിലെ ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ ചെയത് തുക അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(പി) നം. 23/2024/ധന തീയതി 16/03/2024.
2. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30/01/2025ന് ആൾ കേരള ബഡ്സ് & ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്റ്റാഫ് യൂണിയൻ പ്രതിനിധികളുമായി കൂടിയ യോഗ തീരുമാനം.

കുടുംബശ്രീയുടെ 11/12/2019ലെ ഗവേണിംഗ് ബോഡി യോഗ തീരുമാനപ്രകാരം സംസ്ഥാന-ജില്ലാ-ബ്ലോക്ക്-പഞ്ചായത്ത് / നഗരസഭാ തലങ്ങളിൽ സേവനമനുഷ്ഠിച്ചു വരുന്ന കരാർ ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടത്തിൽ ഭാഗം - 1 അനുബന്ധം (VIII)ൽ പറയുന്ന പ്രകാരം ആർജ്ജിത ആവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സൂചന 1 സർക്കാർ ഉത്തരവിൽ ഈ സാമ്പത്തിക വർഷത്തെ താൽക്കാലിക ജീവനക്കാർ അടക്കമുള്ളവരുടെ ലീവ് സറണ്ടർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ബഡ്സ് /ബി.അർ.സി. ജീവനക്കാർക്ക് ആർജ്ജിത ആവധി സറണ്ടർ ചെയ്ത് തുക അനുവദിച്ചു നൽകുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ബഡ്സ് / ബി.ആർ.സി. ജീവനക്കാർക്കും കേരള സർവ്വീസ് ചട്ടത്തിൽ ഭാഗം - 1 അനുബന്ധം (VIII)ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ അർഹതപ്പെട്ട ആർജ്ജിത ആവധി സറണ്ടർ ചെയ്ത് ബന്ധപ്പെട്ട സാമ്പത്തിക വർഷം തന്നെ തുക അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഐ.എ2/17/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 20-03-2025 14:42:45
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്